76

# “അവൻ വാങ്ങിപോകയും” (2)

**വായനാ ഭാഗം #*32***

VII. യേശുവിന്റെ ശുശ്രൂഷയുടെ അവസാന ആഴ്ച്ച (തുടർച്ച).

E. ചൊവ്വ: “ചോദ്യങ്ങളുടെ വലിയ ദിവസം” (തുടർച്ച).

7. യെരുശലേം നാശത്തെ കുറിച്ചും രണ്ടാം വരവിനെ കുറിച്ചും അപ്പൊസ്തലന്മാരോടുള്ള പ്രസംഗം (തുട ർച്ച).

b. യെരുശലേം നാശത്തെ കുറിച്ചുള്ള ഉപദേശം (തുടർച്ച).

(2) യെരുശലേം നാശവുമായി ബന്ധപ്പെട്ട സംഭവം (മത്താ. 24:15–35; മർക്കൊ. 13:14–31; ലൂക്കൊ. 21:20–36).

c. രണ്ടാം വരവിനെ കുറിച്ചുള്ള ഉപദേശം.

(1) പൊതുവായ ഉപദേശം.

(a) രണ്ടാം വരവ് അറിയിച്ചില്ല (മത്തായ. 24:36–41; മർക്കൊസ് 13:32).

(b) ഒരുങ്ങിയിരിക്കേണ്ടതിന്റെ ആവശ്യം (മത്തായി. 24:42–51; മർക്കൊ. 13:33–37).

**മുഖവുര**

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, മത്തായി 24 ഉം അതുമായി ബന്ധപ്പെട്ട മർക്കൊസിലേയും ലൂക്കൊസിലേയും വേദഭാഗങ്ങൾ നാം പഠിക്കുവാൻ തുടങ്ങി. നാം മത്തായി 24:4–14 വരെ നോക്കുകയും, യുദ്ധങ്ങൾ, പ്രകൃതി ദരന്തങ്ങൾ, ഉപദ്രവം തുടങ്ങിയവ സൂചിപ്പിച്ചിരിക്കുന്നതായും കണ്ടു. കർത്താവിന്റെ മടങ്ങിവരവ് തീരുമാനിക്കുവാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് ഇഷ്ടപ്പെട്ട വേദഭാഗങ്ങളാണ് അവ. വരുന്നതായ ഓരോ വിപത്തുകളും ചൂണ്ടിക്കാട്ടി അവർ പറയും, “രണ്ടാം വരവ് അടുത്തിരിക്കുന്നു!” ആ മുന്നറിയിപ്പുകാർ രണ്ടു വസ്തുതകൾ കണ്ടില്ലെന്ന് നടിക്കുന്നു:

(1) ഈ സംഭവങ്ങളൊന്നും അവസാനത്തിന്റെ ലക്ഷണങ്ങളല്ല, (ഞാൻ അതിനെ) “അടയാളങ്ങൾ–അല്ലാത്തത്” എന്നാണ് വിളിച്ചത്. അവ എല്ലാ സമയത്തും സംഭവിക്കുന്നവയാണ്. അവ ഒന്നാം നൂറ്റാണ്ടിലും, രണ്ടാം നൂറ്റാണ്ടിലും, മൂന്നാം നൂറ്റാണ്ടിലും, മാത്രമല്ല ഇന്നു വരെ തുടർന്നിരുന്നു. അവ ഒന്നും തെറ്റിപ്പോകാത്ത പ്രാപഞ്ചിക മഹാവിപത്തുക്കളല്ല.

(2) അദ്ധ്യായത്തിലെ ആദ്യഭാഗത്ത് പരിഗണിക്കേണ്ട വിഷയമല്ല രണ്ടാം വരവ്, എന്നാൽ യെരുശലേം നാശം ആണ് കണക്കിലെടുക്കേണ്ടത്.[1] സന്ദർഭത്തെ കണ്ടില്ലെന്ന് നടിച്ചാൽ മാത്രമേ ഒരാൾക്ക് മത്തായി 24:4–15 രണ്ടാം വരവിന് പ്രയോഗിക്കുവാൻ കഴിയു.

ഈ പാഠത്തിൽ, യെരശലേം നാശത്തെ കുറിച്ച് ശിഷ്യന്മാർ തിരിച്ചറിയുവാൻ കർത്താവ് ആഗ്രഹിച്ച “അടയാളം” നാം പരിശോധിക്കും. ആ നാശത്തെ

കുറിച്ച് ക്രിസ്തുവിന്റെ വെളിപ്പാട് വിവരണവും നാം ചർച്ച ചെയ്യും. അവസാനം, ചോദ്യങ്ങൾക്ക് അവൻ നൽകുന്ന മറുപടിയുടെ പ്രാരംഭഭാഗവും നാം ചിന്തിക്കും. അവന്റെ അനുയായികൾ രണ്ടാം വരവിനെ കുറിച്ച് അവനോട് ചോദിച്ചു.

## യെരുശലേമിന്റെ നാശം (മത്താ. 24:15-35; മർക്കൊ. 13:14-31; ലൂക്കൊ. 21:20-36)

### വാസ്തവത്തിലുള്ള അടയാളം (മത്താ. 24:15, 16; മർക്കൊ. 13:14; ലൂക്കൊ. 21:20)

യെരുശലേം നാശവുമായ ബന്ധത്തിൽ പരോക്ഷമായ ചില സംഭവങ്ങൾ യേശു പറഞ്ഞശേഷം, അവന്റെ ശിഷ്യന്മാർ നോക്കിയിരിക്കേണ്ട തിരിച്ചറിയാവുന്ന അടയാളം സൂചിപ്പിക്കയുണ്ടായി. അവൻ പറഞ്ഞു, "എന്നാൽ ദാനിയേൽ പ്രവാചകൻ മുഖാന്തരം അരുളിച്ചെയ്തതുപോലെ, ശൂന്യമാക്കുന്ന മ്ലേച്ഛത വിശുദ്ധസ്ഥലത്തിൽ നിൽക്കുന്നത് നിങ്ങൾ കാണുമ്പോൾ വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ. അന്ന് യെഹൂദ്യയിലുള്ളവർ മലമുകളിലേക്ക് ഓടിപ്പോകട്ടെ" (മത്തായി 24:15, 16). "ശൂന്യമാക്കുന്ന മ്ലേച്ഛത നില്ക്കരുതാത്ത സ്ഥലത്ത് നില്ക്കുന്നതു നിങ്ങൾ കാണുമ്പോൾ" എന്നാണ് മർക്കൊസിന്റെ വിവരണത്തിൽ (മർക്കൊസ് 13:14).

"ശൂന്യമാക്കുന്ന മ്ലേച്ഛത നില്ക്കരുതാത്ത സ്ഥാനത്ത് നിൽക്കുമ്പോൾ" എന്നതിനെ കുറിച്ച് സംഭ്രമജനകമായി വാർത്തകൾ പ്രചരിപ്പിക്കുന്നവർ പല ഊഹാപോഹങ്ങൾ നടത്തിയിട്ടുണ്ട്, എന്നാൽ സുവിശേഷവിവരണക്കാർ അതിനു ദൈവശ്വാസിയ വ്യാഖ്യാനം നല്കുന്നുണ്ട്. ലൂക്കൊസിലെ സമാന്തരവേദഭാഗത്ത്, യേശു പറഞ്ഞു, "*സൈന്യങ്ങൾ യെരുശലേമിനെ വളഞ്ഞിരിക്കുന്നതു* കാണുമ്പോൾ, അതിന്റെ ശൂന്യകാലം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊൾവിൻ" (ലൂക്കൊസ് 21:20; എംഫസിസ് മൈൻ). എ.ഡി. 60 കളുടെ അവസാനം ജീവിച്ചിരുന്നവർക്ക് റോമാസൈന്യം യെരുശലേമിനെ വളഞ്ഞിരിക്കുന്നതു കാണുവാൻ കഴിഞ്ഞു.

"ശൂന്യമാക്കുന്ന മ്ലേച്ഛത" "ദാനിയേൽ പ്രവാചകൻ മുഖാന്തരം പറഞ്ഞതാണ്" എന്ന് ക്രിസ്തു തന്റെ ശ്രോതാക്കളെ ഓർപ്പിക്കയുണ്ടായി. "ശൂന്യമാക്കുന്നതും" "മ്ലേച്ഛതയും" ദാനിയേലിന്റെ പുസ്തകത്തിൽ വിവിധ രീതികളിൽ സംയോജിപ്പിച്ച് പറയുന്നുണ്ട് (9:26, 27; 11:31; 12:11). ദാനിയേൽ 11:31 ഉം 12:11 ഉം ഒരുപക്ഷെ സെലേയൂസിഡ് രാജാവായിരുന്ന, ആന്റിയോക്കസ് എപ്പിഫാനസിനെ കുറിച്ചാകാം സൂചിപ്പിച്ചത്, അയാൾ അന്യദേവന്മാരെ വണങ്ങിയവരുടെ ചടങ്ങുകൾ യെരുശലേമിലേക്ക് കൊണ്ടുവരികയും മെക്കാബ്യൻ ലഹളക്ക് കാരണമാകയും ചെയ്തു (ബി. സി. 167),[2] എന്നാൽ 9:26, 27 നേരിട്ട് റോമാക്കാരാൽ യെരുശലേമിന്റെ നാശത്തെ കുറിച്ച് പറയുന്നു. ആളുകൾ മശിഹയെ തള്ളിക്കളഞ്ഞതുകൊണ്ടാണ് നഗരവും ദൈവാലയവും നശിപ്പിക്കപ്പെടുന്നത് എന്ന് ദാനിയേൽ 9 ലെ വാക്യങ്ങൾ വ്യക്തമാക്കുന്നു. ഇതാ ചില പ്രസക്തമായ ഭാഗങ്ങൾ: "പിന്നെ ... മശിഹ ഛേദിക്കപ്പെടും, [അതായത്,ത്യജിക്കപ്പെട്ട്, കൊല്ലപ്പെടുകയും] ... വരുവാനുള്ള പ്രഭു നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും" (ദാനിയേൽ 9:26).[3] ഡേവിഡ് റെച്ടിൻ എഴുതി,

റോമൻ സൈന്യാധിപനായിരുന്ന ടൈറ്റസ് (9:26 ലെ "പ്രഭു") ആയിരുന്നു "ശൂന്യമാക്കുന്ന മ്ലേഛത" വരുത്തിയത്, അയാൾ എ. ഡി. 70–ൽ യെരുശലേമിനെ കീഴടക്കി ...

ആ സംഭവത്തെ ദാനിയേൽ സൂചിപ്പിച്ചത് "ശൂന്യമാക്കുന്ന മ്ലേഛത" എന്നാണ് കാരണം ദാവീദിന്റെ പട്ടണത്തെ റോമാ സൈന്യം ശൂന്യമാക്കിയിരുന്നു – വിഗ്രഹങ്ങളെ വണങ്ങിയിരുന്നതുകൊണ്ട് ആ സൈന്യം മ്ലേഛതയുള്ളതായിരുന്നു[4] ... ദാനിയേലിന്റെ ശ്രദ്ധേയമായ പ്രവചനം നിറവേറുന്നതായിരുന്നു എബ്രായദേശത്തിന്റെ പതനം എന്ന് യെഹൂദന്മാർ പോലും തിരിച്ചറിഞ്ഞിരുന്നു. "റോമാ ഗവൺമെന്റിനെ കുറിച്ചും അവരാൽ നമ്മുടെ ദേശം ശൂന്യമാക്കപ്പെടും എന്ന് ദാനിയേലും എഴുതിയിരിക്കുന്നു" എന്ന് യെഹൂദ ചരിത്രകാരനായിരുന്ന ജോസെഫസ് പറഞ്ഞു.[5]

### യഥാർത്ഥ അടയാളം വരുമ്പോൾ എന്തു ചെയ്യും (മത്താ. 24:16-20; മർക്കൊ. 13:14-18; ലൂക്കൊ. 21:21, 23)

"യെരുശലേം സൈന്യത്താൽ വളയുന്നത്" യേശുവിന്റെ അനുയായികൾ കാണുമ്പോൾ, അവർ സുരക്ഷിതസ്ഥാനത്തേക്ക് ഓടിപ്പോകേണ്ടിയിരുന്നു (മത്തായി 24:16; മർക്കൊസ് 13:14; ലൂക്കൊസ് 21:21). ക്രിസ്തു പറഞ്ഞു, "വീട്ടിന്മേൽ ഇരിക്കുന്നവൻ വീട്ടിലുള്ളത് എടുക്കേണ്ടതിന്ന് ഇറങ്ങരുത്; വയലിലുള്ളവൻ വസ്ത്രം എടുപ്പാൻ മടങ്ങി പോകരുത്" (മത്തായി 24:17, 18; മർക്കൊസ് 13:15, 16; ലൂക്കൊസ് 21:21). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നിങ്ങൾ നഗരത്തിലാണെങ്കിൽ, നിങ്ങളുടെ പ്രിയപ്പെട്ട സാധനങ്ങൾ പോയി എടുക്കട്ടെ എന്നു വിചാരിക്കരുത്; നിങ്ങൾ നഗരത്തിനു പുറത്താണെങ്കിൽ, നഗരത്തിലേക്ക് മടങ്ങിപോകരുത് – ഉടനെ യെരുശലേമിൽനിന്ന് ഓടിപ്പൊയ്ക്കൊള്ളണം!"

യേശു കൂട്ടിച്ചേർത്തു, "ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം!" (മത്തായി 24:19; മർക്കൊസ് 13:17; ലൂക്കൊസ് 21:23 നോക്കുക). ഗർഭിണികൾക്കും കൊച്ചുകുട്ടികൾക്കും യാത്ര ചെയ്യുവാൻ പ്രയാസമായിരിക്കും.[6] "എന്നാൽ നിങ്ങളുടെ ഓടിപ്പോക്ക് ശൈത്യകാലത്തോ ശബ്ബത്തിലോ സംഭവിക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ" എന്നും അവൻ പറഞ്ഞിരുന്നു (മത്തായി 24:20; മർക്കൊസ് 13:18 നോക്കുക). ശബ്ബത്തിൽ നഗരവാതിൽ അടച്ചിരിക്കും, ശൈത്യകാലത്ത് യാത്ര ദുഷ്ക്കരവുമായിരിക്കും.[7] (സ്പഷ്ടമായും, ക്രിസ്ത്യാനികളുടെ പ്രാർത്ഥന ദൈവം കേട്ട് ഉത്തരം അരുളി കാരണം റോമാക്കാർ വന്നത് വസന്തകാലത്തായിരുന്നു.)

ഞാൻ കഴിഞ്ഞ പാഠത്തിൽ പറഞ്ഞ പോയിന്റ് ഒന്ന് ആവർത്തിക്കട്ടെ: ഗർഭിണികൾ, മുലകുടിപ്പിക്കുന്നവർ, കാലാവസ്ഥ, ആഴ്ച്ചവട്ടത്തിന്റെ പ്രത്യേക ദിവസം എന്നിവക്ക് രണ്ടാം വരവുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഒന്നുമില്ല. എങ്ങനെയായാലും, അവയെല്ലാം യെരുശലേമിൽനിന്ന് ഓടിപ്പോകുമ്പോൾ പ്രാധാന്യമുള്ള വസ്തുതകളായിരുന്നു.

മത്തായിയും മർക്കൊസും ദൈവശ്വാസിയമായ ഒരു പ്രസാധക കുറിപ്പ് നൽകുന്നുണ്ട്: "വായിക്കുന്നവൻ ഗ്രഹിക്കട്ടെ" (മത്തായി 24:15; മർക്കൊസ് 13:14). തുടർന്നുള്ള ചരിത്രം വ്യക്തമാക്കുന്നത് പ്രാരംഭ ക്രിസ്ത്യാനികൾ യേശുവിന്റെ സന്ദേശം മനസിലാക്കുകയും യെരുശലേം നശിപ്പിക്കുന്നതിനു മുൻപ് അവർ ഓടി രക്ഷപ്പെടുകയും ചെയ്തു എന്നാണ്. ചിലർ റോമാ

സൈന്യം വരുന്നു എന്നു കേട്ടപ്പോഴോ അഥവാ വരവ് കണ്ടു തുടങ്ങിയപ്പോഴോ അവർ ഓടി രക്ഷപ്പെട്ടിരിക്കാം. മറ്റുള്ളവർക്ക് ഉപരോധം നീക്കിയപ്പോൾ അവസരം ലഭിച്ചു.

> ഏതാണ്ട് എ.ഡി.300 ൽ ജീവിച്ചിരുന്ന ചരിത്രകാരനായിരുന്ന യൂസേബിയസ് രസകരമായ ഒരു സംഭവം പറഞ്ഞിരിക്കുന്നു. ഒരു സമയത്ത് യെരുശലേമിൽ ഏർപ്പെടുത്തിയിരുന്ന ഉപരോധം താൽക്കാലികമായി നീക്കി.[8] വിറ്റേലിയസ് ചക്രവർത്തി മരിക്കുകയും, യെരുശലേം നാശത്തിന്റെ ചുമതല പിന്നെ വെസ്പേഷ്യൻ ചക്രവർത്തിയിൽ വന്നു.വിറ്റേലിയസിനെ പിന്തുടർന്ന് നാടുവാഴി ആകേണ്ടതു വെസ്പേഷ്യനാണെന്ന് റോമാ സെനറ്റിൽനിന്ന് അവന് അറിയിപ്പുണ്ടായി. വെസ്പേഷ്യൻ വിട്ടുപോയപ്പോൾ, അവന്റെ മകൻ ടൈറ്റസ് ആക്രമണത്തിന്റെ ചുമതല ഏറ്റെടുത്തു. ഈ ഭരണമാറ്റത്തിനിടയിൽ ഉപരോധം താല്ക്കാലികമായി നീക്കി. ക്രിസ്ത്യാനികൾ യേശുവിന്റെ വാക്കുകൾ വിശ്വസിക്കുകയും, അവർ ആ അവസരത്തിൽ യോർദ്ദാൻ കടന്ന് പെല്ല എന്ന നഗരത്തിലേക്ക് ഓടിപ്പോയി. ഇങ്ങനെ, അവർ ആ ഭയങ്കര നാശത്തിൽനിന്ന് രക്ഷപ്പെട്ടു. ആ ഉപരോധത്തിനിടയിൽ ഒരു ക്രിസ്ത്യാനി പോലും ഉപദ്രവിക്കപ്പെടുകയോ നശിച്ചുപോകയോ ചെയ്തില്ല എന്നാണ് യൂസേബിയസ് പറഞ്ഞത്.[9]

### വരുവാനിരുന്ന സംഭവത്തിന്റെ സ്വാഭാവം
### (മത്താ. 24:21-28; മർക്കൊ. 13:19-23; ലൂക്കൊ. 21:22-24)

മത്തായി 24ലെ അടുത്ത ഭാഗം യെരുശലേം നാശത്തെ കുറിച്ചാണ് വിവരിക്കുന്നത്. അതു ഭയങ്കരമായിരിക്കുമെന്ന് യേശു മുൻകണ്ടിരുന്നു:

> ലോകാരംഭം മുതൽ ഇന്നുവരെയും സംഭവിച്ചിട്ടില്ലാത്തതും ഇനിമേൽ സംഭവിക്കാത്തതുമായ വലിയ കഷ്ടം[10] അന്നുണ്ടാകും. ആ നാളുകൾ ചുരുങ്ങാതിരുന്നാൽ ഒരു ജഡവും രക്ഷിക്കപ്പെടുകയില്ല വൃതന്മാർ[11] നിമിത്തമോ ആ നാളുകൾ ചുരുങ്ങും (മത്തായി 24:21, 22; മർക്കൊസ് 13:19, 20).

വീണ്ടും, അവൻ പറഞ്ഞു,

> ... എഴുതിയിരിക്കുന്നതെല്ലാം നിവർത്തിയാകേണ്ടതിന്. ... ആ നാളുകൾ പ്രതികാരകാലമാകുന്നു;[12] ആ കാലത്ത് ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും അയ്യോ കഷ്ടം! ദേശത്ത് വലിയ ഞെരുക്കവും ഈ ജനത്തിന്മേൽ ക്രോധവും ഉണ്ടാകും അവർ വാളിന്റെ വായ്ത്തലയാൽ വീഴുകയും അവരെ സകല ജാതികളിലേക്കും ബദ്ധന്മാരായി കൊണ്ടുപോകയും ജാതികളുടെ കാലം തികയുവോളം ജാതികൾ[13] യെരുശലേം ചവിട്ടിക്കളകയും ചെയ്യും (ലൂക്കൊസ് 21:22–24)

ആ വാക്കുകൾ അതിരു കവിഞ്ഞതായി തോന്നിയേക്കാം, എന്നാൽ ചരിത്രം വ്യക്തമാക്കുന്നത്, മുന്നറിയിപ്പ് യാഥാർത്ഥ്യമായി തീർന്നു എന്നാണ്.

മൂന്ന് വർഷത്തേക്ക് യെരുശലേമിൽ ഉപരോധം ഏർപ്പെടുത്തുകയും നീക്കുകയും ചെയ്തുകൊണ്ടിരുന്നു. പെസഹക്ക് വരുന്ന തീർത്ഥാട

കരെക്കൊണ്ട് നഗരം നിറഞ്ഞ സമയത്തായിരുന്നു ഉപരോധം തുടങ്ങിയത്. അതോടൊപ്പം സൈന്യം വരുന്നതിനു മുൻപ് നഗരത്തിൽനിന്ന് ഓടിയവരുമുണ്ടായിരുന്നു. ഉപരോധത്തിനിടക്ക്, നഗരത്തിലകപ്പെട്ടവർ നിരാശപ്പെട്ട് ജീവിക്കുവാൻ തത്രപ്പെടുകയായിരുന്നു.[14] അവസാനം ഏ. ഡി. 70 ൽ ടൈറ്റസ് യെരുശലേം കീഴ്പ്പെടുത്തുന്നതിൽ വിജയിച്ചു. റോമാ സൈന്യം യെരുശലേമിനെ വളഞ്ഞപ്പോൾ അവർ ആയിരക്കണക്കിന് യെഹൂദന്മാരെ കൊന്നുകളഞ്ഞു.[15]ജോസഫസ് പറഞ്ഞതനുസരിച്ച്, "ക്രൂശുകൾ സൂക്ഷിക്കുവാൻ സ്ഥലവും ശരീരങ്ങൾക്ക് വേണ്ടത്ര ക്രൂശുകളും കിട്ടാതെ വരുന്നതുവരെ" അനേകർ ഉപദ്രവിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്തു,[16] ആയിരക്കണക്കിലധികം പേരെ അടിമകളായി പിടിച്ചുകൊണ്ടുപോയി, "ആകയാൽ നഗരത്തിലോ നഗരത്തിൽനിന്ന് കാണാവുന്ന ദൂരത്തിലോ ഒരൊറ്റ യെഹൂദനെ പോലും അവർ വിട്ടുകളഞ്ഞിരുന്നില്ല."[17]

റോമാക്കാർ നഗരത്തെ ദൈവാലയമടക്കം ഇടിച്ചു ചുട്ടുകളഞ്ഞു (മത്തായി 22:7 നോക്കുക). ദൈവാലയത്തിലെ സ്വർണ്ണം ഉരുക്കുകയും,[18] സൈന്യം അക്ഷരികമായി അവിടെയുണ്ടായിരുന്ന ലോഹമെല്ലാം എടുക്കുവാനായി "ഒരു കല്ലും തിരിച്ചിടാതിരുന്നില്ല." യേശു പറഞ്ഞതു "ഇടിഞ്ഞു[പോകാതെ] കല്ലിന്മേൽ കല്ല് [ശേഷിക്കയില്ല] എന്നാണ്" (മത്തായി 24:2). "ഭൂഗർഭശാസ്ത്രജ്ഞന്മാർ ദൈവാലയത്തിലെ തിരിച്ചറിയാവുന്ന ഒരു കല്ലും മറ്റ് അവശിഷ്ടങ്ങളും കണ്ടെടുത്തത്, പ്രാധാന്യമർഹിക്കുന്നു"[19] പിന്നീട് അവിടം സന്ദർശിച്ചവർക്ക് ആ നഗരം മുൻപ് അവിടെ ഉണ്ടായിരുന്നോ എന്ന് വിശ്വസിക്കുവാൻ പ്രയാസം നേരിട്ടത്ര പൂർണ്ണമായിരുന്നു യെരുശലേമിന്റെ നാശം.[20]

ഈ ദുരന്തങ്ങൾക്കിടയിൽ വ്യാജമായ പ്രത്യാശയുമായി, കള്ളക്രിസ്തുക്കൾ എഴുന്നേൽക്കുമെന്ന് യേശു മുൻകണ്ടിരുന്നു (മത്തായി 24:23–25[21]; മർക്കൊസ് 13:21–23). ആളുകൾ "അവൻ ഇതാ ഇവിടെ," എന്നും "അവൻ അതാ അവിടെ" എന്നും ശ്രുതികൾ പരത്തും. "അവരെ വിശ്വസിക്കരുത്" എന്ന് കർത്താവ് പറഞ്ഞു (മത്തായി 24:26). യേശു ഒടുവിൽ മടങ്ങി വരുമ്പോൾ ആരും പറയേണ്ട ആവശ്യമില്ല, കാരണം എല്ലാവരും അറിയും! "മിന്നൽ കിഴക്കുനിന്ന് പുറപ്പെട്ട് പടിഞ്ഞാറോളം വിളങ്ങുംപോലെ മനുഷ്യപുത്രന്റെ വരവ് ആകും" (മത്തായി 24:27; വെളിപ്പാട് 1:7 നോക്കുക).[22]

യെരുശലേമിന്റെ നാശം നിർണ്ണയിക്കപ്പെട്ടുകഴിഞ്ഞതുകൊണ്ട് കള്ളക്രിസ്തുക്കൾ എന്തെങ്കിലും പ്രത്യാശ കൊടുത്തിരുന്നുവെങ്കിൽ അതു വ്യാജമായിരുന്നു. യെഹൂദദേശത്തിന് ദൈവത്തിലേക്ക് തിരിയുവാൻ എല്ലാ അവസരവും കൊടുത്തിരുന്നു, സുവിശേഷം ആദ്യം യെഹൂദന്മാരോട് അറിയിക്കേണ്ടിയിരുന്നു (റോമർ 1:16); എന്നാൽ ദൈവത്തിന്റെ ആവർത്തിച്ചുള്ള കരുണയെ അവർ നിരസിച്ചുകളഞ്ഞു. ആ ദേശത്തിന്റെ ദൈവത്തോടുള്ള ബന്ധം അവസാനിച്ചു എന്നതിന്റെ തെളിവാണ് യെരുശലേം നാശം. മരിച്ചുപോയ രോഗിയെ കുറിച്ച് മഹാവൈദ്യൻ പറയുന്നു, "ശവം ഉള്ളേടത്ത് കഴുക്കൾ കൂടും"[23] (മത്തായി 24:28).

### ഞെട്ടിക്കുന്ന സംഭവങ്ങൾ ഉടനെ വരുന്നു
### (മത്താ. 24:29-31; മർക്കൊ. 13:24-27; ലൂക്കൊ. 21:25-28)

ഇതു നമ്മെ പ്രയാസമുള്ള അദ്ധ്യായത്തിന്റെ പ്രയാസമുള്ള ഭാഗത്തേക്ക്

കൊണ്ടുവന്നിരിക്കുന്നു:

> ആ കാലത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ, സൂര്യൻ ഇരുണ്ടുപോകും, ചന്ദ്രൻ പ്രകാശം കൊടുക്കാതിരിക്കും, നക്ഷത്രങ്ങൾ ആകാശത്തുനിന്നു വീഴും. ആകാശത്തിലെ ശക്തികൾ ഇളകിപോകും. അപ്പോൾ മനുഷ്യപുത്രന്റെ അട യാളം ആകാശത്തു വിളങ്ങും; അന്ന് ഭൂമിയിലെ സകല ഗോത്രങ്ങളും പ്രലാ പിച്ചുകൊണ്ട്, മനുഷ്യപുത്രൻ ആകാശത്തിലെ മേഘങ്ങളിന്മേൽ മഹാശക്തി യോടും തേജസോടും കൂടെ വരുന്നതു കാണും. അവൻ തന്റെ ദൂതന്മാരെ ആകാശത്തിന്റെ അറുതിമുതൽ അറുതി വരെയും നാലു ദിക്കിൽനിന്നും കൂട്ടിച്ചേർക്കും (മത്തായി 24:29–31; മർക്കൊസ് 13:24–27; ലൂക്കൊസ് 21:25–28).

ആ വാകൃങ്ങളിലെ വാക്കുകൾ രണ്ടാം വരവിനെക്കുറിച്ചു പറയുന്നു എന്നു തോന്നും. പലരും വിശ്വസിക്കുന്നതുപോലെ, ആണെങ്കിൽ, യേശു തന്റെ പ്രസംഗത്തിൽ, വിഷയത്തിൽനിന്ന് വിഷയത്തിലേക്ക് ചാടുകയായി രുന്നു, ഒരുപക്ഷെ അവൻ സൂചിപ്പിച്ചത് ആ വിഷയമായിരിക്കാം. എങ്ങനെ യായാലും, “ഇവയെല്ലാം” എന്ന് മത്തായി 24:34–ൽ വാകൃങ്ങൾ 29 മുതൽ 31 വരെയുള്ളതടക്കം പറഞ്ഞിരിക്കുന്നത് (അതു സ്വാഭാവിക അനുമാനമാണ്), ക്രിസ്തുവിന്റെ മനസിൽ മറ്റൊന്നായിരുന്നു ഉണ്ടായിരുന്നത്.

മറ്റു സാധ്യതകൾ നാം ആരായുമ്പോൾ, യേശുവിന്റെ സദസ്യർക്ക് വെളി പ്പാട് ഭാഷ പരിചയം ഉണ്ടായിരുന്നു എന്ന് ഓർമ്മിക്കുക.[24] മത്തായി 24:29–31 ലും (അതുമായി ബന്ധപ്പെട്ട മറ്റു വേദഭാഗങ്ങളിലും) ബൈബിളിലെ മറ്റു ഭാഗങ്ങളിലും ഉപയോഗിച്ച വാക്കുകളെല്ലാം പറയുന്നത് വിവിധ രീതികളി ലുള്ള ഭൗതികപരിവർത്തനങ്ങളെ കുറിച്ചാണ്. ഉദാഹരണത്തിന്, സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നീ അലങ്കാരപ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കു ന്നത് രാജാക്കന്മാരുടേയും രാജത്വങ്ങളുടേയും വീഴ്ച്ചയെ കുറിക്കുന്നതാണ് (ഇന്ന്, നിർണ്ണായകമായ സാഹചര്യങ്ങളെ, “ഭൂമി–കുലുക്കുന്ന” എന്നു പറ യുന്നതുപോലെയാണ്):

- ബാബിലോണിന്റെ പതനത്തെ സൂചിപ്പിക്കുന്നതിനുപയോഗിച്ച തരത്തിലുള്ള വാക്ക് (യെശയ്യാവ് 13:1, 9–11).
- ഏദോമിന്റെ പതനത്തെ മുന്നറിയിച്ച് അത് ഉപയോഗിച്ചിരുന്നു (യെശയ്യാവ് 34:4, 5).
- ഫറവോനെ, (അതായത്, മിസ്രയിമിനെ) മറിച്ചിടുന്നതിനെ കുറിച്ച് അത് ഉപയോഗിച്ചിരുന്നു (യെഹസ്ക്കേൽ 32:2, 7, 8).[25]

വീണ്ടും, “കർത്താവിന്റെ വരവ്” (അല്ലെങ്കിൽ അതുപോലെയുള്ള പദ പ്രയോഗം) കർത്താവിന്റെ ഉദ്ദേശം പൊതുവിൽ മനുഷ്യരിൽ നടപ്പാക്കുന്ന തിനെ കുറിച്ച് പറയുന്നതാണ്:

- മിസ്രയിമിനെ നശിപ്പിക്കുവാൻ ദൈവം “വന്നു” (യെശയ്യാവ് 19:1).
- യേശു “വന്ന്” തന്റെ രാജ്യം/സഭ സ്ഥാപിക്കുമെന്ന് യേശു വാഗ്ദാനം ചെയ്തിരുന്നു (അത് തന്റെ മരണം, അടക്കം,

ഉയിർപ്പ് എന്നിവക്ക് ശേഷം പെന്തെകൊസ്തുനാളിൽ സംഭവിച്ചു, പ്രവൃത്തികൾ 2) (മത്തായി 16:28 മർക്കൊസ് 9:1 മായി താരതമ്യം ചെയ്യുക).

മത്തായി 24:29–31 നാം വ്യാഖ്യാനിക്കുമ്പോൾ, ചുരുങ്ങിയത് മൂന്ന് വസ്തുതകൾ നാം ഓർമ്മിക്കണം: (1) "യെരുശലേം നാശത്തിലെ കഷ്ടം കഴിഞ്ഞ ഉടനെ" വാക്യങ്ങൾ 29 മുതൽ 31 വരെയുള്ള ഭാഗത്ത് പറഞ്ഞിരിക്കുന്ന സംഭവമോ സംഭവങ്ങളോ സംഭവിക്കണമെന്നാണ് യേശു പറഞ്ഞത് (വാ. 29). (2) അന്ന് ജീവിച്ചിരുന്നവരുടെ തലമുറയിൽ തന്നെ ആ സംഭവമോ സംഭവങ്ങളോ സംഭവിച്ചതായി വാക്യം 34 സൂചിപ്പിക്കുന്നു. (3) രണ്ടാം വരവിനപ്പുറമുള്ള കാര്യങ്ങളാണ് 29 മുതൽ 31 വരെയുള്ള ഭാഗത്തെ വാക്കുകൾ സൂചിപ്പിക്കുന്നത്. ഇവയെല്ലാം മനസിൽ സൂക്ഷിച്ചുകൊണ്ട്, മത്തായി 24:29–31 ന്റെ അർത്ഥം യുക്തിസഹജമായി വ്യാഖ്യാനിക്കാവുന്നതാണ്.

*വാക്യം 29*: യെരുശലേമും ദൈവാലയവും നശിപ്പിക്കപ്പെട്ടപ്പോൾ, അതു അടയാളമായിരുന്നത് യെഹൂദദേശത്തിന്റെ വീഴ്ച്ചയായിരുന്നു.

*വാക്യം 30*: "മനുഷ്യപുത്രന്റെ അടയാളം" ആയിരുന്നു യെരുശലേമിന്റെ നാശം.[26] കർത്താവിന്റെ അമ്പരപ്പിക്കുന്ന മുന്നറിയിപ്പുകളിൽ ഒന്നായിരുന്നു യെരുശലേം നാശം – അതിനെ കരുതിയവർക്ക് അതു നിറവേറുന്നതു കാണുവാൻ കഴിഞ്ഞിരുന്നു.[27] ദൈവാലയം പൂർണ്ണമായി നശിച്ചത് യേശുവിന്റെ പ്രവചനം നിറവേറിയതായും അവൻ വിശ്വസിക്കാവുന്നവനാണെന്നും തെളിയുന്നു. അതു അവൻ മശിഹ ആണെന്നുള്ളതിന്റെ "അടയാളവും" അതുകൊണ്ട് അവനെ വിശ്വസിച്ച് അനുസരിക്കേണ്ടതാണെന്നും തെളിയുന്നു.

*വാക്യം 30*: യെരുശലേമിനെ നശിപ്പിച്ചപ്പോൾ, ഭൂമിയിലെ ഗോത്രങ്ങൾ വിലപിച്ചു.

*വാക്യം 30*: ആ സമയത്ത്, മനുഷ്യപുത്രന്റെ "വരവിന്" എല്ലാം ഒരുങ്ങിയിരുന്നു – അതായത്, ലോകരക്ഷക്കു വേണ്ടിയുള്ള പദ്ധതി തുടരുവാൻ. അതുകൊണ്ട് യേശു പറഞ്ഞു, "ഇതു സംഭവിച്ചു തുടങ്ങുമ്പോൾ ... നിങ്ങളുടെ വീണ്ടെടുപ്പ് അടുത്ത് വരുന്നു" (ലൂക്കൊസ് 21:28).

*വാക്യം 31*: ഈ പോയിന്റിൽ നമ്മുടെ വ്യാഖ്യാനം ശരിയാണെങ്കിൽ, സുവിശേഷം ഭൂമിയിൽ എല്ലായിടവും എത്തിക്കുന്ന, മഹത്തായ ആജ്ഞ ആലങ്കാരികമായി മുന്നറിയിക്കുന്നതാണ് വാക്യം 31. "ദൂതന്മാർ" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്കിന്റെ അർത്ഥം "സന്ദേശവാഹകർ" എന്നാണ്, അത് മനുഷ്യരോ അല്ലെങ്കിൽ ദൂതന്മാരോ ആകാം. ദൈവത്തിന്റെ സന്ദേശവാഹകർ (സുവിശേഷകന്മാർ) ഭൂലോകത്തിൽ ഒക്കെയും പോയി "അവന്റെ വൃതന്മാരെ" ചേർക്കും (സുവിശേഷത്തോട് പ്രതികരിക്കുന്നവർ).

ഈ സമീപനത്തെ നിങ്ങൾ ആദ്യമായി ചിന്തിക്കുമ്പോൾ, നിങ്ങൾക്ക് തൃപ്തികരമായി തീരുകയോ തീരാതിരിക്കയോ ചെയ്തേക്കാം, എന്നാൽ ഇതിനെ നിങ്ങൾ നിരാകരിക്കുന്നതിനു മുൻപ് രണ്ടു പോയിന്റുകൾ പരിഗണിക്കുക: (1) പെറുക്കി–എടുക്കുന്ന–സമീപനത്തിലെ ഏതാനും കുറവുകളെ വിട്ടുകളയുകയാണ് ഈ വ്യാഖ്യാനം ചെയ്യുന്നത്,[28] (2) പരിഗണനക്കെടുത്തിരിക്കുന്ന പുതിയനിയമത്തിലുടനീളമുള്ള വിഷയങ്ങളിലുള്ള വ്യക്തമായ ഉപദേശവും, തിരുവെഴുത്തിലെ മറ്റു വെളിപ്പാട് അലങ്കാരവും വ്യാഖ്യാനവും സ്ഥിരതയുള്ളതാകണം.

**"ഈ തലമുറയിൽ" (മത്താ. 24:32-35;**
**മർക്കൊ. 13:28-31; ലൂക്കൊ. 21:29-36)**

യെരുശലേം നാശത്തെ കുറിച്ചുള്ള ഉപദേശം യേശു അവസാനിപ്പിച്ച്, "അവൻ അവരോട് ഒരു ഉപമ പറഞ്ഞു" (ലൂക്കൊസ് 21:29), "അത്തിയെ കുറിച്ചുള്ള ഉപമ" (മത്തായി 24:32, 33; മർക്കൊസ് 13:28, 29; ലൂക്കൊസ് 21:29–31). "ഇതൊക്കെയും" എന്ന മത്തായി 24:33 ലേയും മർക്കൊസ് 13:30 ലേയും വാക്കുകൾ സൂചിപ്പിക്കുന്നത്, യേശു പറഞ്ഞത് ഒക്കെയും എന്നാണ്, പ്രത്യേകമായ ഊന്നൽ "ശൂന്യമാക്കുന്ന മ്ലേഛതക്കാണ്" (മത്തായി 24:15; മർക്കൊസ് 13:14) – അതായത്, "യെരുശലേം സൈന്യത്താൽ ചുറ്റപ്പെടുന്നത്" (ലൂക്കൊസ് 21:20). അത്തിയുടെ ഇല നോക്കി വേനൽ അടുത്തിരിക്കുന്നു എന്നറിയുന്നതുപോലെ, റോമോ സൈന്യം യെരുശലേമിനെ വളയുമ്പോൾ, യെരുശലേമിന്റെ നാശം അടുത്തിരിക്കുന്നു എന്ന് അവർ അറിയും.

അതു നമ്മെ മുഖ്യ വേദഭാഗത്തിലേക്ക് കൊണ്ടുവരുന്നു: ''ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല" (മത്തായി 24:34; മർക്കൊസ് 13:30; ലൂക്കൊസ് 21:32). "ഇതൊക്കെയും" എന്നതിന്റെ അർത്ഥം മുൻ വാക്യത്തിലേതു തന്നെ (മത്തായി 24:33): യേശു ചർച്ച ചെയ്തുകൊണ്ടിരുന്നതെല്ലാം, പ്രത്യേക ഊന്നൽ കൊടുത്തിരിക്കുന്നത് റോമാ സൈന്യം യെരുശലേമിനെ വളഞ്ഞ് നശിപ്പിക്കുന്നതിനാണ്.

"തലമുറ" എന്നതിന്റെ ഗ്രീക്ക് വാക്ക് അർത്ഥമാക്കുന്നത് ഒരു പ്രത്യേക കാലയളവിൽ ജീവിച്ചിരിക്കുന്നവരെ സൂചിപ്പിക്കുന്നതാണെന്ന്, കഴിഞ്ഞ പാഠത്തിൽ നാം കാണുകയുണ്ടായി.[30] പ്രാസംഗികൻ സംബോധന ചെയ്യുന്നവരെയാണ് ഉദ്ദേശിച്ചതെന്ന് മത്തായി ''ഈ'' എന്ന വാക്ക് ''തലമുറ'' എന്നതിനോട് ചേർത്തതു വ്യക്തമാക്കുന്നു (11:16; 12:41, 42).[31] യേശു ആ വാക്കുകൾ സംസാരിച്ച് നാല്പതു വർഷങ്ങൾക്കുള്ളിൽ എ.ഡി. 70–ൽ യെരുശലേം നശിപ്പിക്കയുണ്ടായി; ക്രിസ്തു സംസാരിച്ചവരുടെ കാലയളവിൽ അതു സംഭവിച്ചു.

യെരുശലേം നാശത്തെക്കുറിച്ച് യേശു പ്രവചിച്ചത് തീർച്ചയായിരുന്നോ? അവൻ പറഞ്ഞു, "ആകാശവും ഭൂമിയും ഒഴിഞ്ഞുപോകും എന്റെ വചനങ്ങളോ ഒഴിഞ്ഞുപോകയില്ല" (മത്തായി 24:35; മർക്കൊസ് 13:31; ലൂക്കൊസ് 21:33). നാം കണ്ടതുപോലെ, യേശുവിന്റെ പ്രവചനവാക്കുകൾ അങ്ങനെ തന്നെ നിറവേറി.

**രണ്ടാം വരവ്**
**(മത്താ. 24:36-51; മർക്കൊ. 13:32-37)**

മത്തായി 24:36 മുതൽ, യേശു *വ്യത്യസ്തമായ* ഒരു വിഷയത്തിലേക്ക് കടക്കുകയാണ്. അതങ്ങനെ ആണെന്നതിന്, ധാരാളം സൂചനകളുണ്ട്:[32] (1) വ്യത്യാസം വരുത്തുന്ന ഒരു സംയോജനമായ "എന്നാൽ" എന്നു പറഞ്ഞുകൊണ്ടാണ് അവൻ പുതിയ വിഷയം പരിചയപ്പെടുത്തുന്നത്:[33] "എന്നാൽ ആ *നാളും നാഴികയും* സംബന്ധിച്ചോ ..." (മത്തായി 24:36; എംഫസിസ് മൈൻ; മർക്കൊസ് 13:32). (2) "*അന്ന്*"(മത്തായി 24:22, 29; മർക്കൊസ് 13:20, 24 നോക്കുക) എന്നതിനും "*അന്നാളുകളിൽ*" എന്നതിനും തമ്മിലുള്ള വ്യത്യാസം(മത്തായി 24:36; എംഫസിസ് മൈൻ; മർക്കൊസ് 13:32)[34] (3) മത്തായി 24:36 ന് മുൻപും പിൻപും പല വ്യത്യാസങ്ങളും നമുക്ക്

കാണാം.[35] ഉദാഹരണത്തിന്, അദ്ധ്യായത്തിന്റെ ആരംഭത്തിൽ അവൻ യെരുശലേം നശിപ്പിക്കുന്നതിനുള്ള ഒരു "അടയാളം" അവർക്ക് കൊടുത്തതു കൊണ്ട് അവർക്ക് അത് അടുത്തു എന്ന് അറിയുവാൻ കഴിഞ്ഞു (യെരുശലേമിനെ റോമാ സൈന്യം വളയുന്ന "അടയാളം" (ലൂക്കൊസ് 21:20.) എങ്ങനെയായാലും, അടുത്ത സംഭവത്തിന്, അവൻ മുന്നറിയിപ്പ് ഒന്നും നൽകുന്നില്ല. രണ്ടാം വരവാണ് ആ സംഭവം. മറ്റൊരു വാക്കിൽ പറഞ്ഞാൽ, മത്തായി 24:36–ൽ, മത്തായി 24:3 ലെ ചോദ്യങ്ങളുടെ രണ്ടാം ഭാഗത്തിന് യേശു ഉത്തരം പറഞ്ഞു തുടങ്ങുകയാണ്: "... നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത്?"

### "ആ നാളും നാഴികയും സംബന്ധിച്ചോ" (മത്തായി 24:36-41; മർക്കൊ. 13:32)

അവന്റെ വരവിന്റേയും ലോകാവസാനത്തിന്റേയും "അടയാളമാണ്" ശിഷ്യന്മാർ ചോദിച്ചത്, എന്നാൽ തന്റെ രണ്ടാം വരവിന് ഒരു അടയാളവുമില്ല എന്നാണ് യേശു മറുപടി പറഞ്ഞത്: "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവ് മാത്രമല്ലാതെ, ആരും സ്വർഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" (മത്തായി 24:36; മർക്കൊസ് 13:32).[36]

> ... താൻ എപ്പോൾ വരുമെന്ന് തനിക്ക് അറിയില്ല എന്നാണ് ... ക്രിസ്തു ഊന്നി പറഞ്ഞത്. അവൻ അതറിഞ്ഞില്ലെങ്കിൽ, അവന് എന്തെങ്കിലും അടയാളം നൽകുവാൻ എങ്ങനെ കഴിയും? സമാന്തര പ്രയോഗരീതിയിൽ, ക്രിസ്തു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "ഉവ്വ്, യെരുശലേമിന്റേയും ദൈവാലയത്തിന്റേയും നാശത്തെ കുറിച്ചു അടയാളങ്ങളുണ്ട്. ... എന്നാൽ എന്റെ രണ്ടാം വരവിനെ കുറിച്ച് മഹാ തേജസോടും ശക്തിയോടും കൂടെ മേഘത്തിൽ വരും എന്നു മാത്രമെ എനിക്ക് അറിയാവു ... പ്രത്യേക അടയാളങ്ങളൊന്നും എനിക്ക് നല്കുവാൻ കഴിയുകയില്ല കാരണം എനിക്ക് അറിയില്ല എന്നതു തന്നെ."[37]

യേശുവിന്റെ രണ്ടാം വരവിനെ കുറിച്ച് മുന്നറിയിപ്പ് ഒന്നും ഇല്ലാത്തതു കൊണ്ട്, നോഹയുടെ കാലത്ത് പ്രളയം ഉണ്ടായപ്പോൾ ഒരുങ്ങാതിരുന്നവർ നശിച്ചുപോയതുപോലെ അവന്റെ വരവിലും ഒരുങ്ങാത്തവർഅകപ്പെടും:[38] "... ജലപ്രളയത്തിനു മുമ്പുള്ള കാലത്ത് നോഹ പെട്ടകത്തിൽ കയറിയനാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിന് കൊടുത്തും പോന്നു" (മത്തായി 24:38; വാ. 37–39 നോക്കുക).

തിന്നുകയും, കുടിക്കുകയും, വിവാഹം കഴിക്കുകയും ചെയ്യുന്നതിനെ കുറിച്ച് കർത്താവ് പറയുമ്പോൾ, സാധാരണ ജീവിതചര്യകൾ വേണ്ടെന്നാണോ അവൻ പറഞ്ഞത്? അല്ല, അവന്റെ വരവിനായി *നമ്മുടെ ഹൃദയങ്ങളെയും ജീവിതങ്ങളെയും ഒരുക്കുന്നേടത്തോളം* അവ ശരിയാണ്. അവൻ പറഞ്ഞു, "... അന്ന് രണ്ടു പേർ വയലിൽ ഇരിക്കും ഒരുത്തനെ കൈക്കൊള്ളും മറ്റവനെ ഉപേക്ഷിക്കും" (മത്തായി 24:40). "കൈക്കൊള്ളും" എന്നത് അർത്ഥമാക്കുന്നത് "സ്വർഗസ്ഥനായ ദൈവത്തോടുകൂടെ ആകേണ്ടതിന് ചേർക്കും" എന്നാണ് (പ്രവൃത്തികൾ 1:2, 11 മായി താരതമ്യം ചെയ്യുക), "ഉപേക്ഷിക്കും" എന്നതു ദൈവത്തിൽ നിന്ന് വേർപെട്ട് നിത്യമായും നരകത്തിൽ കഴിയുന്ന

തിനെ സൂചിപ്പിക്കുന്നു (2 തെസലൊനികൃർ 1:7–9).[39] ചിത്രീകരണത്തിലെ രണ്ടുപേരും ഏറ്റവും സാധാരണമായ പുരുഷപ്രവൃത്തികളിൽ ഏർപ്പെട്ടവ രായിരുന്നു; എന്നാൽ ഒരാൾ കർത്താവിന്റെ മടങ്ങി വരവിനായി ഒരുങ്ങി, മറ്റെ ആൾ ഒരുങ്ങിയിരുന്നില്ല.[40] ക്രിസ്തു പിന്നെ, അതേ രീതിയിൽ അന്നത്തെ സ്ത്രീകളുടെ പ്രവൃത്തികൾ ചെയ്തിരുന്ന രണ്ടു സ്ത്രീകളുടെ ചിത്രീക രണം പറയുകയുണ്ടായി (മത്തായി 24:41).

**"ഉണർന്നിരിപ്പിൻ" (മത്താ. 24:42-51;**
**മർക്കൊ. 13:33-37)**

മത്തായി 24:42–51 ൽ, ഈ ചർച്ച നമുക്ക് വേണ്ടി സൂക്ഷിച്ചിരിക്കുന്ന തിന്റെ പ്രാഥമികമായ കാരണത്തിലേക്ക് നാം വന്നിരിക്കുന്നു: നിങ്ങൾക്കും എനിക്കും ഈ സന്ദേശം ആവശ്യമാണ്. കർത്താവ് വീണ്ടും വരുന്നത് എപ്പോഴാണെന്ന് നമുക്ക് അറിയാത്തതുകൊണ്ട് നാം അതിനായി എപ്പോഴും ഒരുങ്ങിയിരിക്കണം: "നിങ്ങളുടെ കർത്താവ് ഏത് ദിവസം വരുമെന്ന് അറി യായ്കയാൽ, ഉണർന്നിരിപ്പിൻ" (മത്തായി 24:42; മർക്കൊ.13:33). അവന്റെ വരവ് കള്ളൻ രാത്രിയിൽ വരുംപോലെയാണ്, പ്രതീക്ഷിക്കാത്ത സമയത്താ യിരിക്കും മോഷ്ടാവിന്റെ വരവ് (മത്തായി 24:43, 44; 1തെസലൊനികൃർ 5:2; 2 പത്രൊസ് 3:10).[41] ഒരു യജമാനൻ ഒരു ദാസനെ ജോലിക്ക് ആക്കിയിട്ട് അപ്രതീക്ഷിതമായി വരുമ്പോൾ ആ ദാസനെ അവിശ്വസ്തനായി കണ്ടെ ത്തുന്നതുപോലെ, അപ്രതീക്ഷിതമായിരിക്കും അവന്റെ വരവ് (മത്തായി 24:45–51; മർക്കൊസ് 13:34).[42] എല്ലാ ദൈവദാസന്മാർക്കുമുള്ള യേശുവിന്റെ സന്ദേശം ഇതാണ്:

> യജമാനൻ, സന്ധ്യക്കോ, അർദ്ധരാത്രിക്കോ, കോഴി കൂകുന്ന നേരത്തോ, രാവിലെയോ – എപ്പോൾ വരുമെന്ന് അറിയായ്കകൊണ്ട്, അവൻ പെട്ടെന്ന് വന്ന് നിങ്ങളെ ഉറങ്ങുന്നവനായി – കണ്ടെത്താതിരിക്കേണ്ടതിന് ഉണർന്നി രിപ്പിൻ; ഞാൻ നിങ്ങളോട് പറയുന്നതോ, എല്ലാവരോടും പറയുന്നു, "ഉണർന്നിരിപ്പിൻ!" (മർക്കൊസ് 13:35–37).

അടുത്ത അദ്ധ്യായത്തിൽ, മത്തായി 25 ലും, എപ്പോഴും ഒരുങ്ങിയിരി ക്കേണ്ട ആവശ്യത്തെ തുടർച്ചയായി ബോധ്യപ്പെടുത്തുന്നുണ്ട്: പത്തു കന്യ കമാരുടെ ഉപമയിൽ, മണവാളൻ വന്നപ്പോൾ അഞ്ചുപേർ ഒരുങ്ങിയിരുന്നു, എന്നാൽ അഞ്ചു പേർ ഒരുങ്ങിയിരുന്നില്ല (വാ. 1–13). നമ്മുടെ കാര്യവിചാര കത്വത്തെ സംബന്ധിച്ച് നാം ഓരോരുത്തരും ഒരു ദിവസം നമ്മുടെ താല ന്തുകൾക്ക് കണക്കു കൊടുക്കണമെന്ന്, താലന്തുകളുടെ ഉപമയിൽ, കർത്താവ് പറഞ്ഞു (വാ. 14–30). കർത്താവ് മടങ്ങി വരുമ്പോൾ നടക്കുവാ നിരിക്കുന്ന ന്യായവിധിയെ കുറിച്ചും മത്തായി 25 ന്റെ അവസാനം പറയു ന്നുണ്ട് (വാ. 31–46).

### ഉപസംഹാരം

മത്തായി 24 നെ കേന്ദ്രീകരിച്ചതായിരുന്നു ഈ പാഠം. ഈ പരിഭ്രമജന കമായ അദ്ധ്യായത്തിൽ ചോദിക്കുവാനിടയുള്ള എല്ലാ ചോദ്യങ്ങൾക്കും ഞാൻ ഉത്തരം നൽകിയിട്ടുണ്ടോ? ഇല്ല, എന്നാൽ നിങ്ങളുടെ പഠനം തുടരു

മ്പോൾ, തീവ്രവാദവും ഇന്ദ്രിയബോധകജ്ഞാനവാദവും ഒഴിവാക്കുവാനാവശ്യമായ ചില ചിന്തകൾ നൽകുവാൻ സഹായിച്ചിട്ടുണ്ട് എന്നു കരുതുന്നു. ആയുഷ്ക്കാലം മുഴുവൻ നിങ്ങൾ അന്വേഷിച്ചാലും അപ്പോഴും ചില ചോദ്യങ്ങൾ അവശേഷിക്കും. എനിക്ക് ഇപ്പോഴും ഉണ്ട്.

അതിനർത്ഥം ഈ അദ്ധ്യായത്തിൽനിന്ന് നമുക്ക് ഒന്നും പഠിക്കുവാൻ കഴിഞ്ഞില്ല എന്നാണോ? വീണ്ടും, "അല്ല" എന്നാണ് ഉത്തരം.[43] അദ്ധ്യായത്തിന്റെ ഒരു ഭാഗത്ത് പറയുന്ന യെരുശലേം നാശത്തെ കുറിച്ച് നമുക്ക് പഠിക്കുവാൻ കഴിയുന്ന ചില സത്യങ്ങൾ ഇതാ:

- ദൈവത്തിന്റെ ന്യായവിധിയിൽനിന്ന് ആരും ഒഴിവുള്ളവരല്ല.
- ദൈവം ചിലത് പറയുമ്പോൾ, അതിന് അർത്ഥമുണ്ട്.
- താൻ അവകാശപ്പെട്ടതെല്ലാമായിരുന്നു യേശു, നാശത്തെ കുറിച്ചുള്ള അവന്റെ പ്രവചനങ്ങളെല്ലാം വിശദമായി നിറവേറി.

അതുകൊണ്ട്, അവന്റെ ദൈവശ്വാസിയ എഴുത്തുകാരാൽ പറയുന്നതെല്ലാം നമുക്ക് ശ്രദ്ധിക്കാം.

- ക്രിസ്തു മടങ്ങി വരുന്നു!
- അവൻ ഏതു സമയത്തും വരാം. സമയം ആർക്കും അറിയില്ല.
- നാം എപ്പോഴും ഒരുങ്ങിയിരുന്നാൽ, അവൻ ഇങ്ങനെ പയുന്നതു നമുക്ക് കേൾക്കാം. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശമാക്കിക്കൊൾവിൻ.'' (മത്തായി 25:34)!

---

കുറിപ്പുകൾ

[1]"അവൻ വാങ്ങിപോയി (1)" എന്ന കഴിഞ്ഞ പാഠം നിങ്ങൾക്ക് വേണമെങ്കിൽ പുനരവലോകനം നടത്താം. [2]പ്രാഥമിക ഉറവിടങ്ങൾക്ക്, 1 മെക്കാബീസ് 1:54, 2 മെക്കാബീസ് 6:4, 5 ഉം ജോസഫസ് *ആന്റികിറ്റിസ്* 12.5.4. [3]ദാനിയേലിന്റെ പുസ്തകത്തിലെ വാക്യങ്ങൾ വിശദമാക്കുവാൻ സ്ഥലം അനുവദിക്കുന്നില്ല. [4]വിഗ്രഹാരാധനയെ പരാമർശിച്ചുകൊണ്ടാണ് പഴയനിയമത്തിൽ "മ്ലേഛത" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അവരുടെ നിലവാരമനുസരിച്ച് രൂപമായി കൊത്തിയിരുന്ന പതാകകളെ റോമാ പടയാളികൾ വണങ്ങിയിരുന്നു. ഈ "മ്ലേഛതയെക്കുറിച്ച് യെഹൂദന്മാരും റോമാക്കാരും തമ്മിൽ തർക്കിച്ചിരുന്നതായി ജോസഫസ് എഴുതിയിട്ടുണ്ട് " (ആന്റികിറ്റിസ് 18.3.1; 18.5.3; വാഴ്സ് 6.6.1). [5]ഡേവിഡ് റെച്ചിൻ, "എഴുപത് ആഴ്ച്ചവട്ടം" എന്ന "ദാനിയേൽ 2 ലെ"ദാനിയേലിന്റെ പ്രവചനം, ട്രൂത്ത് ഫോർ ടുഡേ (ജൂൺ 2001), 23–24. ജോസഫസിൽനിന്നുള്ള ഉദ്ധരണി ആന്റികിറ്റിസ് 10.11.7. [6]നിങ്ങൾക്ക് കുട്ടികളുണ്ടെങ്കിൽ, കുട്ടികളെയുംകൊണ്ട് – എവിടെയെങ്കിലും – സമയത്ത് പോകുന്ന വെല്ലുവിളി നിങ്ങളുടെ വ്യക്തിപരമായ ജീവിതത്തിൽനിന്ന് പറയാം. [7]കൂടാതെ, ശബ്ബത്തിൽ യാത്ര ചെയ്യുവാൻ യെഹൂദക്രിസ്ത്യാനികളുടെ മനസാക്ഷി അനുവദിച്ചെന്ന് വരികയില്ല. [8]ജോസഫസ് വാഴ്സ് 5.10.1 നോക്കുക. [9]നീൽ പ്രയോർ, "ദ അബോമിനേഷൻ ഡിസൊലേഷൻ ഇൻ ദാനിയേൽ 9:27 , മത്തായി 24:15–21," "ദാനി

യേൽ 2" ട്രൂത്ത് ഫോർ ടുഡേ (ജൂൺ 2001): 50 സീ യുസേബിയസ് എക്ലേസിയ്സ്റ്റിക്കൽ ഹിസ്റ്ററി. 3.5. [10]"മഹാ കഷ്ടം"എന്ന പ്രയോഗം (ഇവിടെയും വെളിപ്പാട് 7:14 ലേയും) എടുത്തുകൊണ്ട് ആയിരം ആണ്ടു വാഴ്ച്ചക്കാർ സാങ്കൽപികമായി യേശു വീണ്ടും വന്നു ഭൂമിയിൽ ആയിരം ആണ്ടു വാഴുന്നതിനു തൊട്ടുമുൻ ഏഴു–വർഷം മഹാ കഷ്ടം ഉണ്ടാകുമെന്ന് ഭാവിച്ച് പ്രചരിപ്പിക്കുന്നുണ്ട്.മത്തായി 24 ലെ "മഹാ കഷ്ടം" ഏ. ഡി. 70–ൽ യെരുശലേം നശിപ്പിച്ചപ്പോഴത്തേതാണ്.

[11]"വൃതന്മാർ" എന്നതു സൂചിപ്പിക്കുന്നതു ക്രിസ്ത്യാനികളെയാണ് – അവർ ദൈവ കരുണയാൽ, രക്ഷപ്പെടുവാനിടയായി. [12]ആ പ്രതികാരം മശിഹയെ ത്യജിച്ചതിനുള്ള ദൈവികശിക്ഷയായിരുന്നു. [13]"ജാതികളുടെ കാലം" എന്ന പദപ്രയോഗം എടുത്ത് ആയിരം ആണ്ടു വാഴ്ച്ചക്കാർ അവരുടേതായ കാലനിർണ്ണയപ്പട്ടിക തയ്യാറാക്കിയിട്ടുണ്ട്, എന്നാൽ അവിടെ പറയുന്ന വിഷയം ഏ.ഡി.70ലെ യെരുശലേം നാശമാണെന്ന് ഓർക്കുക. സാധ്യതയുള്ള പല വ്യാഖ്യാനങ്ങളും നൽകപ്പെട്ടിട്ടുണ്ട്, എന്നാൽ ലളിതമായത്, റോമൻ സൈന്യത്തിന്റെ "കാൽ യെരുശലേമിനെ ചവിട്ടും" (ഉപരോധസമയത്ത്) എന്നതാണ്. അത്, ദൈവത്തിന്റെ പദ്ധതിയും ഉദ്ദേശവും അനുസരിച്ച്, നഗരത്തിന്റെ നാശം പൂർണ്ണമാകുമ്പോൾ, അവൻ പറഞ്ഞ കാലവും തികഞ്ഞു. [14]ചെറിയ ഉപരോധത്തിൽ, വളരെ മുൻപ്, ആളുകൾ ചെയ്ത വലിയ കാര്യങ്ങൾ അറിയുവാൻ 2 രാജാക്കന്മാർ 6:24–30 നോക്കുക. [15]ആ ഉപരോധത്തിനിടക്ക് 1,100,000 പേൽ നശിച്ചുപോകയും 97,000 പേരെ പ്രവാസികളായി പിടിച്ചുകൊണ്ടുപോകയും ചെയ്തു എന്നാണ് ജോസഫസ് പറഞ്ഞത് (വാഴ്സ് 6.9.3). എങ്ങനെയായാലും, ഇന്ന്–ഉള്ള പണ്ഡിതന്മാർ മിക്കപേരും അത് ഒരു അതിശയോക്തി പരമായ സംഖ്യയാണെന്നാണ് കരുതുന്നത്. [16]ജോസഫസ് വാഴ്സ് 5.11.1 [17]ജെ. നോർവൽ ജെൽഡൻ ഹൈസ്, "ലൂക്ക്," ദ ബിബിളിക്കൽ എക്സ്പോസിറ്റർ, എഡി. കാൾ. എഫ്. എച്ച്. ഹെന്റി ഫിലദെൽഫിയ ഹോൾമാൻ, 1960), 3:141. [18]ദൈവാലയത്തിലെ സ്വർണ്ണത്തെ കുറിച്ച് അറിയുവാൻ കഴിഞ്ഞ പാഠം ഒന്നുകൂടെ നോക്കുക. [19]ഡേവിഡ് റെച്ചിൻ, "ഡാനിയേൽസ് പ്രോഫസി ഓഫ് ദ സെവെന്റി വീക്ക്സ് " ഇൻ "ഡാനിയേൽ, 2" ട്രൂത്ത് ഫോർ ടുഡേ (ജൂൺ 2001), 23–34. ഈ വിശദീകരണത്തിനു ബ്രദർ. റെച്ചിൻ ഒരു റെഫറൻസ് നൽകുന്നുണ്ട്. ഹാരി തോമസ് ഫ്രാങ്ക്, ആൻ ആർക്കിയോളജിക്കൽ കമ്പാനിയൻ ടു ദ ബൈബിൾ (ലണ്ടൻ: എസ്സിഎം പ്രസ്, 1972), 249. [20]ക്രിസ്തുവിന്റെ കാലത്തെ യെരുശലേമിൽനിന്നു പ്രസിദ്ധമായ "വെയിലിങ്ങ് വാൾസ്" അടക്കം കുറെ ചുമരുകളുടെ അവശിഷ്ടങ്ങൾ മാത്രമാണ് ലഭിച്ചത്. യെരുശലേമിൽ ദൈവാലയം നിന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ "ദ ഡോം ഓഫ് ദ റോക്ക്" എന്നറിയപ്പെടുന്ന ഒരു മോസ്ക്ക് ആണുള്ളത്.

[21]ശ്രദ്ധേയമായതാണ് മത്തായി 24:24. തെറ്റിദ്ധരിപ്പിക്കുവാൻ കള്ളക്രിസ്തുക്കൾ വലിയ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കും എന്ന് യേശു പറഞ്ഞു, കഴിയുമെങ്കിൽ വൃതന്മാരെയും [അതായത്, ക്രിസ്ത്യാനികളെ] "അത്ഭുതം ചെയ്യുന്നു" എന്ന് കാണിക്കുവാനുള്ള കഴിവ്, ദൈവം–അംഗീകരിക്കുന്ന അടയാളമല്ല. ഉപദേഷ്ടാവിന്റെ ജീവിതവും ഉപദേശവും അതുമായി യോജിക്കണം. [22]യെരുശലേമിൽ ന്യായവിധി നടത്തുവാൻ ക്രിസ്തു വരുന്നതായി മത്തായി 24:27 എടുത്തു പറയാം, എന്നാൽ, സന്ദർഭത്തിൽ, അവന്റെ വ്യക്തിപരമായ വരവിനെയാണ് സൂചിപ്പിച്ചിരിക്കുന്നത് – അതായത്, രണ്ടാം വരവ്. "ഇതാ ഇവിടെ" അതാ അവിടെ" എന്നു പറയുന്നതും അവന്റെ വരവും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുന്നു, അവന്റെ വരവ് എല്ലാവരും കാണത്തക്കവണ്ണം ആയിരിക്കും. [23]അത് അക്ഷരികമായി വാസ്തവമായിതീർന്നു. റോമൻ ഉപരോധസമയത്ത് പാലസ്തീനിലെ കഴുക്കളുടെ സംഖ്യ ഇരട്ടിയായി എന്ന് ആരോ എഴുതുകയുണ്ടായി. എങ്ങനെയായാലും, "കഴുക്കൾ" എന്നതിനുള്ള ഗ്രീക്ക് വാക്ക് ചിലർ തർജിമ ചെയ്തതിന് "ഈഗിൾ" എന്നും അർത്ഥമുണ്ട്. റോമൻ നിലവാരങ്ങളിന്മേൽ പരുന്തിന്റെ അടയാളമു

ണ്ടായിരുന്നതിനെയാണ് കർത്താവ് സൂചിപ്പിച്ചതെന്ന് അവർ കരുതുന്നു. [24]കഴിഞ്ഞ പാഠത്തെ അവലോകനം ചെയ്ത്, നിങ്ങൾക്ക് വേണമെങ്കിൽ വെളിപ്പാടലങ്കാര ഭാഷ വിശദമാക്കാം. [25]അത്തരം പദപ്രയോഗം യോവേൽ 2:28–32 ലും ഉപയോഗിച്ചിട്ടുണ്ട്, അത് പുതിയനിയമം ആരംഭത്തോടുകൂടെ പ്രവൃത്തികൾ 2:16–21 ൽ ഉദ്ധരിച്ചിട്ടുണ്ട്. [26]അതിനെ "ആകാശത്തിലെ അടയാളം" എന്നു പറയുവാൻ കാരണം എല്ലാവർക്കും കാണത്തക്ക വണ്ണം അതു ദൈവത്തിൽ നിന്നാണ് വരുന്നത്. [27]എ. ഡി. 70 ന് മുൻപ് എഴുതപ്പെട്ടതാണ് സംക്ഷിപ്ത സുവിശേഷവിവരണങ്ങൾ. [28]അതായത്, ഒരു പ്രത്യേക വാക്യം യെരുശലേം നാശത്തെ കുറിച്ചാണോ അതോ രണ്ടാം വരവിനെ കുറിച്ചാണോ പറയുന്നതെന്ന് തീരുമാനിക്കുവാൻ വ്യാഖ്യാതാവിനെ അനുവദിക്കുന്നതാണ് ചില സമീപനങ്ങൾ. [29]മത്തായിയുടേയും മർക്കൊസിന്റേയും വിവരണങ്ങൾ "*അവൻ* അടുത്തിരിക്കുന്നു എന്ന് വ്യക്തമാക്കുന്നു" (മത്തായി 24:33; മർക്കൊസ് 13:29; എംഫസിസ് മൈൻ) – അതായത്, യെരുശലേമിനെ ന്യായം വിധിക്കുവാൻ കർത്താവ് "വരുന്നു" എന്നാണ് വ്യക്തമാക്കുന്നത്. "*ദൈവരാജ്യം* ആസന്നമായിരിക്കുന്നു" എന്നാണ് ലൂക്കൊസ് പറയുന്നത് (ലൂക്കൊസ് 21:31; എംഫസിസ് മൈൻ). രാജ്യം എന്ന വാക്ക് പുതിയ നിയമത്തിൽ പൊതുവെ ഉപയോഗിച്ചിരിക്കുന്നത് സഭ അല്ലെങ്കിൽ സ്വർഗം എന്നിവയെ സൂചിപ്പിച്ചാണ്. യെരുശലേം നശിപ്പിക്കുന്ന സമയത്ത്, സഭ നിലവിൽ വന്നിട്ട് ഏതാണ്ട് നാല്പതു വർഷമായതുകൊണ്ട്, സഭയെ സംബന്ധിച്ചല്ല അതു സൂചിപ്പിച്ചത്. നേരെ മറിച്ച്, ഒരാൾ ആ വാക്ക് "സ്വർഗം" ആണെന്ന് വ്യാഖ്യാനിച്ചാൽ (അതായത്, ലോകാവസാനം), അടുത്ത വാക്യത്തിൽ പ്രശ്നം നേരിടും, അവിടെ പറയുന്നു, "ഇതൊക്കെയും സംഭവിക്കുവോളം ഈ തലമുറ ഒഴിഞ്ഞുപോകയില്ല" (ലൂക്കൊസ് 21:32). "തലമുറ" എന്നതിന് സാധാരണ അർത്ഥത്തിനപ്പുറമാണെന്ന് പറഞ്ഞ് അതിന് പരിഹാരം കണ്ടെത്തുവാൻ ശ്രമിക്കുന്നവരുണ്ട്. (കഴിഞ്ഞ പാഠത്തിലും ഈ പാഠത്തിലും "തലമുറ" എന്ന വാക്കിന്റെ അർത്ഥം പറഞ്ഞിരിക്കുന്നതു നോക്കുക). ഒരുപക്ഷെ ഏറ്റവും നല്ല പരിഹാരം "രാജ്യം" എന്ന വാക്കിന്റെ അടിസ്ഥാനപരമായ അർത്ഥം "മനുഷ്യഹൃദയങ്ങളിൽ ദൈവം ഭരിക്കുക" എന്ന് എടുക്കുകയായിരിക്കും. പിന്നെ ആ വാക്യത്തെ സുവിശേഷ വ്യാപ്തിയെയും ദൈവരാജ്യത്തിലെ പൗരന്മാരായി ആളുകളെ മാറ്റുന്നതും പറയാം. [30]"തലമുറ" എന്ന പ്രയോഗം മത്തായിയുടെ പുസ്തകത്തിൽ പതിമൂന്ന് പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് (1:17; 11:16; 12:39, 41, 42, 45; 16:4; 17:17; 23:36; 24:34); ഓരോ സമയത്തും അതു ഒരു വ്യക്തിയുടെ ആയുഷ്ക്കാലത്തെ ആണ് അർത്ഥമാക്കുന്നത്.

[31]എഫ്. ഫെർമാൻ കേർളി, "*ആൻ എക്സെജെസിസ് ഓഫ് മാത്യു* 24," അബിലീൻ ക്രിസ്ത്യൻ യൂണിവെഴ്സിറ്റി ലെക്ചർസ് (1980): 130. [32]മത്തായി 24:36 നൽകുന്ന സൂചന സ്ത്രീകളെയും പുരുഷന്മാരേയും സ്വർഗത്തിലേക്കോ നരകത്തിലേക്കോ അയക്കുമെന്നതാണ് (മത്തായി 25:46). യെരുശലേം നശിപ്പിച്ചപ്പോൾ അതു സംഭവിച്ചില്ല. [33]*ഡേ* എന്ന ഗ്രീക്ക് വാക്ക് തർജിമ ചെയ്തതാണ് "എന്നാൽ". [34]"നാൾ" എന്ന് മത്തായി മറ്റൊരു ഭാഗത്ത് ഉപയോഗിച്ചിരിക്കുന്നത് ന്യായവിധി നാളിനെ സൂചിപ്പിച്ചുകൊണ്ടാണ് (7:22). [35]"മത്തായി 24 ലെ വ്യത്യാസം" എന്ന ചാർട്ട് നോക്കുക. [36]യേശു മനുഷ്യരൂപം എടുത്തപ്പോൾ അവനുണ്ടായിരുന്ന പ്രത്യേകമായ ദൈവികത്വവിശേഷത ഉപേക്ഷിച്ചിട്ടാണ് വന്നത് എന്നതിന് ഉദാഹരണമായി മത്തായി 24:36 ഉപയോഗിക്കാം (ഫിലിപ്പിയർ 2:6, 7). [37]കേർളി 131–32. [38]ജലപ്രളയം വരുന്നു എന്ന് യോനാ ജനത്തോട് പറഞ്ഞു എങ്കിലും, ആളുകൾ അവനെ വിശ്വസിച്ചില്ല. അതുകൊണ്ട് അവർ തങ്ങളുടെ സാധാരണ ജീവിതം തുടർന്നു. ഇന്ന് കർത്താവ് വീണ്ടും വരുമെന്ന് നാം പ്രസംഗിക്കുമ്പോൾ, മിക്കപേരും മുന്നറിയിപ്പുകളെ അവഗണിക്കുകയാണ്. അതുകൊണ്ട്, അവർ ഒരുങ്ങാതിരുന്നാൽ അവസാനം അകപ്പെടും തീർച്ച. [39]അവർ "പരമാനന്ദം" എന്നു വിളിക്കുന്ന അവരുടെ ഉപദേശത്തിനു യോജി

ക്കുന്ന വിധത്തിൽ ആയിരം ആണ്ട് വാഴ്ച്ചക്കാർ മത്തായി 24:40, 41 കോട്ടി മറിക്കുകയാണ്: അവർ പറയുന്നത്, കർത്താവ് വീണ്ടും വരുമ്പോൾ ഒരുങ്ങിയിരുന്നവരെ അവൻ മേഘങ്ങളിൽ എടുക്കുകയും, ഒരുങ്ങാത്തവരെ ഭൂമിയിൽ ഏഴു–വർഷത്തെ ഉപദ്രവത്തിനായി വിടുകയും ചെയ്യും എന്നാണ്. അത്തരം "ഉപദ്രവത്തിനു" ശേഷം ഒരു "പരമാനന്ദത്തെ" കുറിച്ച് ബൈബിൾ ഒന്നും പറയുന്നില്ല. [40]അത് വ്യക്തമായി അന്തർലീനമാക്കിയിരിക്കുന്നു.

[41]കർത്താവിന്റെ വീണ്ടും വരവിന്റെ സമയം നിർണ്ണയിക്കുവാൻ ശ്രമിക്കുന്നവർ മത്തായി 24:44 മനപ്പാഠമാക്കണം. അവന്റെ വരവിന്റെ സമയം അടുത്തിരിക്കുന്നു എന്ന്, അടയാളങ്ങൾ നോക്കി പ്രവചിക്കുവാൻ കഴിയും എന്നാണ് അവർ കരുതുന്നത്, എന്നാൽ അവൻ പറഞ്ഞത്, "നിങ്ങൾ *വിചാരിക്കാത്ത* നാഴികയിൽ അവൻ വരും" എന്നാണ് (എംഫസിസ് മൈൻ). കർത്താവിന്റെ രണ്ടാം വരവിനെ കുറിച്ച് സ്റ്റഫോർഡ് നോർത്ത് പറഞ്ഞത്, "രാത്രിയിൽ കള്ളൻ വരുന്നതുപോലെ" എന്നാണ്. പല ആവർത്തി തന്റെ സദസ്യരെക്കൊണ്ട് അദ്ദേഹം അതു പറയിക്കും. [42]"ദുഷ്ടദാസന്റേയും വിശ്വസ്തദാസന്റേയും ഉപമ" എന്നാണ് പൊതുവിൽ ഇതിനെ വിളിക്കുന്നത്. [43]റോബർട്ട്സൺ എഴുതി, "... യേശു മുന്നറിയിച്ചിരിക്കുന്ന സ്ഥലം, കാലം, മിനിട്ട് എന്നിവയുടെ വിശദാംശങ്ങൾക്കെതിരായി യേശു മുന്നറിയിച്ചിരിക്കുന്നതിനെ വിട്ടുകളയുവാനും, കാതലായ ഉപദേശത്തെ വിട്ടുകളയാതിരിപ്പാനും നമുക്ക് കഴിയും" (ഏ. റ്റി. റോബർട്ട്സൺ, ഏ ഹാർമണി ഓഫ് ദ ഗോസ്പൽസ് ഫോർ സ്റ്റുഡൻസ് ഓഫ് ദ ലൈഫ് ഓഫ് ക്രൈസ്റ്റ് [ന്യുയോർക്ക്.: ഹാർപ്പർ ആന്റ് റോവ്, 1950], 173).